"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ജീവനക്കാര്യം - കൊല്ലം ജില്ലയിലെ കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം ലൈബ്രേറിയൻ ശ്രീ.ബാബു.കെ യ്ക്ക് പ്രത്യേക അവശതാ അവധി അനുവദിച്ച് കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.**1920/2026/LSGD** തിരുവനന്തപുരം,തീയതി.**13-10-2026**

പരാമർശം:- 1. സ.ഉ(പി) നം **112/2017**/ധന, തീയതി. **24.08.2017.**

2. സ.ഉ(പി)നം.**3/2019**/ഉഭപവ, തീയതി **11.06.2019.**

3. ശ്രീ.ബാബു.കെ യുടെ **27.05.2025** ലെ ശൂന്യവേതനാവധി അപേക്ഷ.

4. പ്രിൻസിപ്പൽ ഡയറക്ടറുടെ **09.12.2025** തീയതിയിലെ **LSGD/PD/25953/2025-DEF7** നമ്പർ കത്ത്.

ഉത്തരവ്

കൊല്ലം ജില്ലയിലെ കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം ലൈബ്രേറിയൻ ശ്രീ.ബാബു.കെ **17.03.2025** ൽ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ ഉണ്ടായ അപകടത്തെതുടർന്ന് **18.03.2025** മുതൽ **26.05.2025** വരേ പ്രത്യേക അവശതാ അവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം **(3)** പ്രകാരം സമർപ്പിച്ച അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (**4**) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. അവധി അപേക്ഷയോടൊപ്പം , മെഡിക്കൽ സർട്ടിഫിക്കറ്റ്, ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ്, ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ആണെന്ന് ഓഫീസ് മേധാവിയുടെ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, കൊല്ലം ജില്ലയിലെ കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം ലൈബ്രേറിയൻ ശ്രീ.ബാബു.കെ യ്ക്ക് **18.03.2025** മുതൽ **26.05.2025** വരെ കെ.എസ്.ആർ ഭാഗം ഒന്ന് ചട്ടം **98** ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി പ്രത്യേക അവശതാ അവധി

അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജുകുമാർ എൻ
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കൊല്ലം(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
സെക്രട്ടറി,കുലശേഖരപുരം ഗ്രാമപഞ്ചായത്ത്, കൊല്ലം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ,ഓഡിറ്റ്),തിരുവനന്തപുരം,കേരളം
ശ്രീ.ബാബു.കെ,പാർട്ട് ടൈം ലൈബ്രേറിയൻ, കുലശേഖരപുരം ഗ്രാമപഞ്ചായത്ത്, കൊല്ലം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
എക് സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(ഇപിഎ2/2/2026/തസ്വഭവ നമ്പർ ഫയലിലേക്ക്).

ഉത്തരവിൻ പ്രകാരം
Digitally signed by Noushad. S
Date: 14-10-2026 09:47:42
സെക്ഷൻ ഓഫീസർ